**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2096** **03-03-2025 - ൽ മറുപടിയ്ക്ക്**

**സി.ആർ.ഇസഡ്. കാറ്റഗറി 2-ൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള, മംഗൽപാടി, മഞ്ചേശ്വരം എന്നീ ജനസാന്ദ്രതയുള്ളതും നഗര സ്വഭാവമുള്ളതുമായ ഗ്രാമ പഞ്ചായത്തുകളെ സി.ആർ.ഇസഡ്. കാറ്റഗറി 2-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലിലൂടെയാണ് തീരദേശ പരിപാലന നിയമത്തിലെ സോൺ III ൽ നിന്നും നിയന്ത്രണങ്ങൾ കുറഞ്ഞ സോൺ II ലേയ്ക്ക് 66 പഞ്ചായത്തുകളെ മാറ്റാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയത്. സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തുകളിൽ 66 ഗ്രാമപഞ്ചായത്തുകളെയാണ് സി.ആർ.ഇസഡ്-IIൽ ഉൾപ്പെടുത്തിയത്. അവശേഷിക്കുന്ന 109 ഗ്രാമപഞ്ചായത്തുകളെ കൂടി സി.ആർ.ഇസഡ് II-ൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നു. ഇതിൽ കുമ്പള, മംഗൽപാടി, മഞ്ചേശ്വരം എന്നീ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ